Malayala Manorama




മനോരമ

ബാരാഖംബാ മെട്രോ സ്റ്റേഷനു മുന്നിൽ പൊലീസുകാർ മറന്നു വച്ച തോക്ക്.

# നിറതോക്ക് വഴിയിൽ മറന്ന് പൊലീസിന്റെ വാചകമടി

ന്യൂഡൽഹി: 'വേലി തന്നെ വിളവു തിന്നാലോ....' ബാരാഖംബാ മെട്രോ. സ്റ്റേഷനിൽ സുരക്ഷാ ഉദ്യോഗസ്ഥർ ഇന്നലെ കാട്ടിയ അനാസ്ഥ കേട്ടാൽ ഇങ്ങനെ പറഞ്ഞു പോകും ആരും. അതീവ സുരക്ഷ പാലിക്കേണ്ട മെട്രോ സ്റ്റേഷനുകളുടെ സുരക്ഷയുള്ള പൊലീസുകാർ ഇന്നലെ മറന്നു വച്ചതു വെടിയുണ്ടകൾ നിറച്ച ഒരു എകെ 47 തോക്ക്!! സ്റ്റേഷനിലേക്കു പ്രവേശിക്കുന്ന സ്ഥലത്താണു പൊലീസുകാർ തോക്കു മറന്ന് 'വാചകമടിച്ചത്'. സുരക്ഷാ ചുമതലയുണ്ടായിരുന്ന നാലു പൊലീസുകാർ കൂട്ടം ചേർന്നു സംസാരിക്കുന്നതിനിടയിലാണു പൊലീസുകാരിലൊരാൾ തോക്കു മറന്നത്.

യാത്രക്കാർ സ്റ്റേഷനിലെത്തുമ്പോൾ കാണുന്ന കാഴ്ച തോക്ക് സ്റ്റേഷന്റെ മൂലയിൽ ചാരി വച്ചു ദൂരെ മാറി നിന്നു സംസാരിക്കുന്ന പൊലീസ് സംഘത്തെയാണ്.

ജാഗ്രുക് നാഗ്‌രിക് സുരക്ഷാ സംഘാടൻ എന്ന സംഘടനയുടെ പ്രസിഡന്റ് മലയാളിയായ ഡെൻസൺ ജോസഫാണു തോക്ക് മറന്നുവച്ച കാര്യം പൊലീസുകാരെ ഓർമിപ്പിച്ചത്.

നൂറുകണക്കിനു യാത്രക്കാർ കയറിയിറങ്ങുന്ന സ്റ്റേഷനിൽ ഗുരുതരമായ അനാസ്ഥയാണു പൊലീസുകാരുടെ ഭാഗത്തു നിന്നുണ്ടായത്. സംഭവത്തിന്റെ ഗൗരവം ചൂണ്ടിക്കാട്ടി സ്ഥലത്തെ പൊലീസ് മേധാവിക്കും ആഭ്യന്തര സഹമന്ത്രിയുടെ ഓഫിസിനും സന്ദേശം നൽകിയിട്ടുണ്ടെന്നു ഡെൻസൺ അറിയിച്ചു.